**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആയ ശ്രീ.അബ്ദുൾ സലീം നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.142/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 24.01.2019.**

---

പരാമർശം:
1. സ.ഉ.(സാധാ)നം.504/2018/തസ്വഭവ തീയതി 21.02.2018.
2. സ.ഉ.(സാധാ)നം.1115/2018/തസ്വഭവ തീയതി 19.04.2018.
3. ഗ്രാമവികസന കമ്മീഷണറുടെ 31.07.2018, 17.09.2018 തീയതികളിലെ 122/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആയ ശ്രീ.അബ്ദുൾ സലീം, പരാമർശം (1)-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായുള്ള അന്യത്രസേവനം അവസാനിച്ചതിനെ തുടർന്ന് 23.02.2018-ന് ഗ്രാമവികസന കമ്മീഷണർ മുമ്പാകെ അനുയോജ്യ നിയമനത്തിനായി റിപ്പോർട്ട് ചെയ്യുകയുണ്ടായെന്നും, പരാമർശം (2) പ്രകാരം ടിയാനെ ആലപ്പുഴ എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററായി നിയമിച്ചുത്തരവായിരുന്നുവെന്നും, 25.04.2018-ന് ടിയാൻ മേൽ തസ്തികയിൽ ചുമതലയേൽക്കുകയുണ്ടായെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ 23.02.2018 മുതൽ 25.04.2018 വരെ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ വികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.അബ്ദുൾ സലീം നിയമനത്തിനായി കാത്തു നിന്ന 23.02.2018 മുതൽ 24.04.2018 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.അബ്ദുൾ സലീം, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ് (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ വകുപ്പ് (ഡെവ-1/330/2018-ഫിൻ, തീയതി 26.12.2018 പ്രകാരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ